പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2301 13.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യുടെ വരവു ചെലവുകളും സാമ്പത്തിക ബാധ്യതയും

ചോദ്യം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യ്ക്ക് ആകെ എത്ര ബസുകളുണ്ട് ; | (എ) | JnNURM പദ്ധതിയിൽ ഉൾപ്പെട്ട 313 ബസ്സുകൾ ഉൾപ്പടെ 6,177 ബസ്സുകൾ ഉണ്ട്. |
| (ബി) | കേരളത്തിലാകെ എത്ര ഷെഡ്യൂളുകളാണ് കെ,എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നത് ; | (ബി) | 5,560 ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുള്ളതിൽ 2013 ജനുവരി മാസത്തെ കണക്കുപ്രകാരം ശരാശരി 4,452 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.-യുടെ പ്രതിവർഷ ശരാശരി ഡീസൽ ഉപയോഗം എത്ര ലിറ്ററാണെന്ന് അറിയിക്കുമോ ; ഇതിന് എത്ര തുകയാണ് വർഷംതോറും ചെലവാക്കിയിരുന്നതെന്ന് വിശദമാക്കുമോ; | (സി) | പ്രതിവർഷം ശരാശരി ഡീസൽ ഉപയോഗം 15,00,00,000 ലിറ്റർ ആണ്. ശരാശരി 901 കോടി രൂപ. |
| (ഡി) | ഡീസൽ സബ്സിഡി പിൻവലിച്ച സാഹചര്യത്തിൽ എത്ര തുക അധികച്ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ഡി) | ഡീസൽ സബ്സിഡി പിൻവലിച്ച സാഹചര്യത്തിൽ കെ.എസ്.ആർ. ടി.സി. യ്ക്ക് പ്രതിമാസം 14 കോടി രൂപ അധികബാദ്ധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |

<table>
<tr><td>(ഇ)</td><td>ഡീസൽ, സ്പെയർപാർട്ട്സ്, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്കായി ഒരു മാസം ശരാശരി എത്ര തുക ചെലവാകുന്നുവെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;</td><td>(ഇ)</td><td><table>
<tr><td>എ) സ്ഥിരം ജീവനക്കാരുടെ ശമ്പളവും താൽക്കാലിക ജീവനക്കാരുടെ ശമ്പളവും ഉൾപ്പടെയുള്ള തുക</td><td>52.00 കോടി രൂപ</td></tr>
<tr><td>ബി) പെൻഷൻ</td><td>35.00 കോടി രൂപ</td></tr>
<tr><td>സി) പെൻഷൻ ആനുകൂല്യം</td><td>14.00 കോടി രൂപ</td></tr>
<tr><td>ഡി) ഡീസൽ</td><td>83.00 കോടി രൂപ</td></tr>
<tr><td>ഇ) വായപ തിരിച്ചടവ്</td><td>39.00 കോടി രൂപ</td></tr>
<tr><td>എഫ്) എം.എ.സി.റ്റി.</td><td>3.00 കോടി രൂപ</td></tr>
<tr><td>ജി) സ്പെയർ പാർട്സ്</td><td>9.00 കോടി രൂപ</td></tr>
<tr><td>ആകെ</td><td>235.00 കോടി രൂപ</td></tr>
</table></td></tr>
<tr><td>(എഫ്)</td><td>കെ.എസ്.ആർ.ടി.സി. യുടെ ശരാശരി മാസവരുമാനം എത്രയെന്ന് അറിയിക്കുമോ;</td><td>(എഫ്)</td><td>കെ.എസ്.ആർ.ടി.സി. യുടെ പ്രതി മാസ ശരാശരി വരുമാനം 145 കോടി രൂപയാണ്.</td></tr>
<tr><td>(ജി)</td><td>കെ.എസ്.ആർ.ടി.സി. യുടെ നാളിതുവരെയുള്ള കടങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?</td><td>(ജി)</td><td>01.01.2013 -ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി. യ്ക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത ഇനത്തിൽ 1271.49 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>HUDCO - 87.28 കോടി രൂപ<br>KTDFC - 1,119.21 കോടി രൂപ<br>LIC - 65.00 കോടി രൂപ<br>ആകെ - 1,271.49 കോടി രൂപ</td></tr>
</table>

സെക്ഷൻ ഓഫീസർ